# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2565 18.06.2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങൾക്കായി നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. എ.കെ. ബാലൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(എ)

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 1044 ലക്ഷം | 1044 ലക്ഷം |
| 2012-13 | 500 ലക്ഷം | 499.50 ലക്ഷം |
| 2013-14 | 1500 ലക്ഷം | 1504.48 ലക്ഷം |

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവർക്കായി വിഭാവനം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതിക്കാരിൽ സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കം നിൽക്കുന്ന നായാടി, വേട്ടുവൻ, കള്ളാടി വേടൻ, അരുന്ധതിയാർ/ചക്ലിയാർ എന്നിവർ ഉൾപ്പെടുന്ന ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി ഒരു ഗുണഭോക്താവിന് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും വീട് വയ്ക്കുന്നതിനായി 2 ലക്ഷം രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി 4.50 ലക്ഷം രൂപ അനുവദിക്കുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതീകരണം, റോഡ് തുടങ്ങിയ സമഗ്ര വികസനത്തിനായുള്ള പദ്ധതികളും വിഭാവനം ചെയ്യുന്നു.

(സി) ഓരോ വർഷവും എത്ര കുടുംബങ്ങൾക്കാണ് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നും എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി)

| വർഷം | ഇനം | ഭൗതിക ലക്ഷ്യം | ഭൗതിക നേട്ടം | ചെലവ് (രൂപയിൽ) |
|---|---|---|---|---|
| 2011-12 | ഭൂമി | 464 | 374 | 88929500 |
| | വീട് | 464 | 99 | 4185000 |
| 2012-13 | ഭൂമി | 114 | 114 | 28500000 |
| | വീട് | 114 | 114 | 5750000 |
| 2013-14 | ഭൂമി | 443 | 443 | 11074000 |
| | വീട് | 498 | 498 | 22930000 |

| | | | |
|---|---|---|---|
| (ഡി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണെന്നും, ഇതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ; ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | പട്ടികജാതി വികസന വകുപ്പാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പട്ടികജാതി വികസന ആഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടപ്പാക്കുന്നു. |

Sali K.J

സെക്ഷൻ ഓഫീസർ